# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 121 | 02-07-2015-ൽ മറുപടിക്ക് |
|---|---|
| **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം** | |
| **ചോദ്യം** | **ഉത്തരം** |
| **പ്രൊഫ. സി.രവീന്ദ്രനാഥ്**<br>**ശ്രീ. എം.എ.ബേബി**<br>**ഡോ. ടി.എം.തോമസ് ഐസക്**<br>**ശ്രീ. സി.കൃഷ്ണൻ** | **ഡോ.എം.കെ.മുനീർ**<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) 2014-15 വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം ഏറ്റവും ഒടുവിൽ നടത്തിയത് എന്നാണ്, വിശദാംശങ്ങൾ നൽകാമോ; | (എ) 08-04-2015-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിൽ 2014-15 വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 14-04-2015-ൽ നടന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ വകുപ്പുതല അവലോകന യോഗത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പദ്ധതി നടത്തിപ്പ് കാലാവധി നീട്ടിക്കൊടുത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) പദ്ധതി നടത്തിപ്പിന്റെ കാലാവധി നീട്ടിക്കൊടുത്തിട്ടില്ല. ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയതുമുതൽ ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന ഏറ്റവും കുറഞ്ഞ തുക സർക്കാർ നിശ്ചയിക്കുന്നതും അതിലുപരിയുള്ള തുക അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യുകയുമാണ് ചെയ്യുന്നത്. എന്നാൽ 2014-15ൽ അപ്രകാരം പരിധി നിശ്ചയിക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന മുഴുവൻ തുകയും 2015-16-ലേക്ക് ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുകയാണ് ചെയ്തത്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായകരമായ സ്ഥിതി വിശേഷമാണ്. |

| | |
|---|---|
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പല പരിഷ്ക്കാരങ്ങൾ നടത്തിയിട്ടും പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാകുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും കാതലായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഒരു പദ്ധതി കാലത്തേക്കുള്ള പഞ്ചവത്സര പദ്ധതിയും ഓരോ രണ്ട് വർഷത്തേക്കുള്ള പദ്ധതികളും രൂപീകരിച്ച് നടപ്പിലാക്കുന്നതിന് നടപടിയെടുക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും നടപ്പിലാക്കാവുന്ന Shelf of Projects എപ്പോഴും തയ്യാറായിരിക്കുന്ന സ്ഥിതി നിലവിൽ വന്നിട്ടുണ്ട്. പാലിയേറ്റീവ് കെയർ, ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയുംനൽകുന്ന പദ്ധതി, പൊതു ശ്മശാനവും അറവുശാലകളുമില്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിനാവശ്യമായ തുക തുടങ്ങിയവയ്ക്ക് നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. എസ്.സി.പി ഫണ്ട് ഉപയോഗിച്ച് കോളനികൾക്ക് വെളിയിൽ റോഡ് നിർമ്മാണം നടത്തരുതെന്ന് നിഷ്കർഷിക്കുകയുണ്ടായി. അതുകാരണം എസ്.സി.പി ഫണ്ട് പട്ടികജാതിയിൽ പെട്ടവരുടെ ഉന്നമനത്തിനായി ഉപയോഗിക്കാൻ സാധിച്ചു. എസ്.സി.പി/റ്റി.എസ്.പി ഫണ്ടിൽ 10% തുക ആ വിഭാഗത്തിൽ പെട്ട യുവജനങ്ങളുടെ ഉന്നമനത്തിനായി ചെലവഴിക്കണമെന്ന് നിഷ്കർഷിച്ചു. എസ്.സി.പി/റ്റി.എസ്.പി -യിൽ പെട്ട വിദ്യാർത്ഥികൾക്ക് ദേശീയ-അന്തർദേശീയ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനും പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസ് കോച്ചിംഗിന് ധനസഹായം നൽകുന്നതിനും വിദേശത്ത് ജോലി ലഭിക്കുന്നതിനും തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നു. സംയുക്ത പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് വ്യക്തമായ മാർഗ്ഗരേഖ കൊണ്ടുവന്നു. പദ്ധതി അംഗീകാരം |

| | |
|---|---|
| | നൽകുന്നതിന് ഇടത്തട്ടിലുള്ള സാങ്കേതിക ഉപദേശക സമിതിയെ ഒഴിവാക്കി പദ്ധതി തയ്യാറാക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ അംഗീകാരം നൽകിയാൽ മതിയെന്ന നിബന്ധന കൊണ്ടുവന്നതും പദ്ധതി രൂപീകരണ അംഗീകാര നടപടികൾ പൂർണ്ണമായും ഇലക്ട്രോണിക് സംവിധാനത്തിലാക്കിയതും പദ്ധതി രൂപീകരണ അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്.<br>പ്രോജക്ടുകൾക്ക് അനുമതി ലഭിക്കുന്നതിനെക്കുറിച്ചുള്ള പരാതികൾ പരിശോധിച്ച തീർപ്പ് കൽപ്പിക്കുന്നതിനായി സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br>അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കിയതിനുള്ള കേന്ദ്ര സർക്കാർ അംഗീകാരം കേരള സംസ്ഥാനത്തിന് ലഭിക്കാൻ കാരണമായത് സർക്കാരിന്റെ ഇപ്രകാരമുള്ള ചിട്ടയായ പ്രവർത്തനം മൂലമാണ്. |
| (ഡി) എങ്കിൽ ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുത്തി വരുത്തിയ പരിഷ്കാരങ്ങൾ പുന:പരിശോധിക്കാൻ തയ്യാറാകുമോ? | (ഡി) ബാധകമല്ല. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന വിധത്തിലാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

---

| 2014-15- Development Fund - Expenditure Details (Rs.in Crores | | | | | |
|---|---|---|---|---|---|
| LB Type | Opening Balance | Budget Provision | Total (OB+BP | Expenditure | Expenditure % |
| Grama Panchayat | 519.28 | 2723.4 | 3243 | 2184.84 | 67.38 |
| Block Panchayat | 56.68 | 620.98 | 677.7 | 567.3 | 83.71 |
| District Panchayat | 238.97 | 617.39 | 856.4 | 574.1 | 67.04 |
| TOTAL | 814.93 | 3961.8 | 4777 | 3326.24 | 69.63 |

| 2014-15-- Maintenance Fund Expenditure (Rs in Crores) | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| LB Type | Opening Balance | | | Budget Provision | | | Total | | | Expenditure | | | Expenditure % | | |
| | Non Road | Road | Total | Non Road | Road | Total | Non Road | Road | Total | Non Road | Road | Total | Non Road | Road | Total |
| **Grama Panchayat** | 96.67 | 96.67 | 193.34 | 280.75 | 631.95 | 912.7 | 377.42 | 728.62 | 1106 | 250.48 | 565.92 | 816.4 | 66.37 | 77.67 | **73.81** |
| **Block Panchayat** | 19.71 | 19.71 | 39.42 | 53.66 | 0 | 53.66 | 73.37 | 19.71 | 93.08 | 51.42 | 0.01 | 51.43 | 70.08 | 0.05 | **55.25** |
| **District Panchayat** | 48.91 | 48.91 | 97.82 | 76.74 | 211.68 | 288.4 | 125.65 | 260.59 | 386.24 | 74.25 | 213.62 | 287.87 | 59.09 | 81.98 | **74.53** |
| **TOTAL** | **165.29** | **165.29** | **330.58** | **411.15** | **843.63** | **1255** | **576.44** | **1008.9** | **1585.4** | **376.15** | **779.55** | **1155.7** | **65.25** | **77.27** | **72.90** |

# 2014-15 -- Plan-- Sectorwise Expenditure Details (Rs. in Crores)

## Grama Panchayat

| Development Fund | | | | Maintenance Fund | | | | Total (Including own & Other Funds) | | | |
|---|---|---|---|---|---|---|---|---|---|---|---|
| Production | Service | Infrastructure | Total | Production | Service | Infrastructure | Total | Production | Service | Infrastructure | Total |
| 219.98 | 1289.88 | 674.98 | 2184.84 | 10.93 | 191.94 | 613.53 | 816.4 | 333.84 | 1711.46 | 1489.21 | 3534.51 |

## Block Panchayat

| Development Fund | | | | Maintenance Fund | | | | Total (Including own & Other Funds) | | | |
|---|---|---|---|---|---|---|---|---|---|---|---|
| Production | Service | Infrastructure | Total | Production | Service | Infrastructure | Total | Production | Service | Infrastructure | Total |
| 44.87 | 340.83 | 181.6 | 567.3 | 4.6 | 25.75 | 21.08 | 51.43 | 48.32 | 439.38 | 212.08 | 699.78 |

## District Panchayat

| Development Fund | | | | Maintenance Fund | | | | Total (Including own & Other Funds) | | | |
|---|---|---|---|---|---|---|---|---|---|---|---|
| Production | Service | Infrastructure | Total | Production | Service | Infrastructure | Total | Production | Service | Infrastructure | Total |
| 55.02 | 331.61 | 187.47 | 574.1 | 2.85 | 69.29 | 215.7 | 287.84 | 74.57 | 417.84 | 417.98 | 910.39 |

| 2014-15- Plan Sanctioned Amount Details (Rs.in Crores | | | | |
|---|---|---|---|---|
| LB Type | Develoment Fund | Maintenance Fund | Other Funds ( Including Own Fund, Beneficiary Contribution,Loan etc.) | Total |
| Grama Panchayat | 3242.72 | 1084.34 | 2117.3 | 6444.36 |
| Block Panchayat | 677.66 | 73.44 | 972.82 | 1723.92 |
| District Panchayat | 856.36 | 477.72 | 408.23 | 1742.31 |
| TOTAL | 4776.74 | 1635.5 | 3498.35 | 9910.59 |

| Unspent Balance-- Development Fund-- (Rs.in Crores) | | | | | |
|---|---|---|---|---|---|
| LB Type | Financial Year | | | | |
| | 2010-11 | 2011-12 | 2012-13 | 2013-14 | 2104-15 |
| Grama Panchayat | 328.68 | 419.13 | 585.1 | 519.28 | 1058.4 |
| Block Panchayat | 129.54 | 140.05 | 77.19 | 56.68 | 110.45 |
| District Panchayat | 242.19 | 249.33 | 174.72 | 238.97 | 285.32 |
| **TOTAL** | 700.41 | 808.51 | **837.01** | **814.93** | **1454.17** |

രമേശ് ചെന്നിത്തല